**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 77** **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിക്കായി നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഡി.പി.ആർ. പ്രകാരം ഓവർബ്രിഡ്ജുകളുടെയും എംബാങ്ക്മെന്റുകളുടെയും ആകെ നീളം എത്ര വീതം ആണെന്ന് വ്യക്തമാക്കുമോ; | (എ) | ഡി.പി.ആർ പ്രകാരം ബ്രിഡ്ജുകളുടെ നീളം 12.991 കിലോമീറ്ററും എംബാങ്ക്മെന്റിന്റെ നീളം 292.728 കിലോമീറ്ററുമാണ്. |
| (ബി) | പദ്ധതിക്കായി എത്രവീതം മേൽപ്പാലങ്ങളും അടിപ്പാതകളും പി-കട്ടിങ്ങുകളും കട്ട് ആന്റ് കവറുകളും ആണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | പദ്ധതിക്കായി 682 മേൽപ്പാലങ്ങളും അടിപ്പാതകളുമാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ കട്ടിംഗ് - 101.73 കി.മി കട്ട് & കവർ - 24.789 കി.മി വയാഡക്റ്റ് - 88.412 കി.മി എന്നിവയും നിർമ്മിക്കേണ്ടതായി വരും. |
| (സി) | പദ്ധതിക്കായി നിർമ്മിക്കാനുദ്ദേശിക്കുന്ന എംബാങ്ക്മെന്റുകളുടെ പരമാവധി ഉയരം, ശരാശരി ഉയരം എന്നിവ എത്ര വീതം ആണെന്ന് വ്യക്തമാക്കുമോ; | (സി) | എംബാങ്ക്മെന്റുകളുടെ പരമാവധി ഉയരം 2 മുതൽ 8 മീറ്റർ വരെയാണ്. |
| (ഡി) | നിലവിലെ ഡി.പി.ആർ. പ്രകാരം പദ്ധതി എത്ര വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ? | (ഡി) | റെയിൽവേ ബോർഡിൽ നിന്നും അന്തിമ അനുമതി ലഭിച്ച് 5 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ